week 4

Weekly Devotion - December 2018

# **Found Favour with God** (ദൈവകൃപ കണ്ടെത്തുക)




വിശേഷ ദിവസങ്ങളിൽ നാം മറ്റുള്ളവർക്ക് സമ്മാനം കൊടുക്കുവാൻ ആഗ്രഹിക്കുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമതായി തിരികെ എന്തെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ച് ആർക്കും ഒന്നും നൽകരുത്

2) സമ്മാനം കൊടുക്കുമ്പോൾ വാങ്ങുന്ന ആൾക്ക് അത് പ്രയോജനമുള്ളതായിരിക്കണം

3) വാങ്ങുന്ന ആളിന്റെ ഓർമ്മയിൽ നില്ക്കുന്ന സമ്മാനമായിരിക്കണം കൊടുക്കേണ്ടത്.

ദൈവം ലോകത്തിന് തന്റെ ഏകജാതനെ സമ്മാനമായി നൽകിയത് ഒന്നും തിരികെ പ്രതീക്ഷിച്ചായിരുന്നില്ല. സമ്മാനം ലോകത്തിനു വേണ്ടി സ്വീകരിക്കുവാൻ പിതാവ് തിരഞ്ഞെടുത്തത് ഒരു സാധാരണക്കാരിയായ സ്ത്രീയെ ആയിരുന്നു. ആ കന്യകയുടെ പേർ മറിയ എന്ന് ആയിരുന്നു. ആ തിരഞ്ഞെടുപ്പിന്റെ കാരണങ്ങൾ അവിടെ സന്ദേശവാഹകനായി എത്തിയ ദൂതന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. 1) കർത്താവ് കൂടെയുള്ളവൾ 2) കൃപ ലഭിച്ചവൾ 3) വിശ്വാസത്തിലുറച്ചവൾ എന്ന് (ലൂക്കോ :1: 28-30) വാക്യങ്ങളിൽ കാണുന്നു. ലോകത്തെ രക്ഷിപ്പാൻ

പിതാവ് നൽകിയ സമ്മാനം പൂർണ്ണ വിധേയത്വത്തോടെ മറിയ സ്വീകരിച്ചു. ആ സമ്മാനത്തിന്റെ വില സമ്മിശ്രവികാരത്തോടെ അവളുടെ ജീവിതകാലം മുഴുവൻ അവൾ അറിഞ്ഞു. ലോകം ഇന്നും ആ സമ്മാനം ഓർമ്മയിൽ സൂക്ഷിക്കുന്നു.

കൃപ എന്നത് പരിശുദ്ധാത്മാവിൽ വിശ്വാസികൾക്ക് നൽകപ്പെടുന്ന ക്രിസ്തുയേശുവിലൂടെയുള്ള സാന്നിദ്ധ്യവും സ്നേഹവുമാണ് . കൃപ നമുക്ക് ലഭിക്കുന്നത് നാം അതിന് അർഹരായിട്ടല്ല പിന്നെയോ വാഗ്ദത്തം നൽകിയത് വിശ്വസ്തനായ ദൈവം ആകയാൽ മാത്രമാണ്. ആരംഭം മുതൽ അവസാനം ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ചലനവും ഈ കൃപയിലാശ്രയിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ കൃപ ആവശ്യമാണ്. (അപ്പോ : പ്ര: (41:33), (11:23)

**<u>കൃപ പ്രാപിപ്പാനുള്ള മാർഗ്ഗങ്ങൾ</u>**

1) വചനം പഠിക്കുക, അനുസരിക്കുക, Read 2 തിമൊ (3:14, 15)
2) സുവിശേഷ പ്രഘോഷണം ശ്രദ്ധിക്കുക - റോമ :1;16 ലൂക്കോ :(24:47)
3) പ്രാർത്ഥിക്കുക - എബ്രാ :(4:16)
4) ഉപവസിക്കുക - മത്താ :(6:16)
5) ക്രിസ്തുവിനെ ആരാധിക്കുക - കൊലോ :(3:16)
6) പരിശുദ്ധാത്മാവിൽ നിറയപ്പെടുക - പ്രവ :2:42 (ACts 2:42)

വചനത്തിലുടനീളം തിരഞ്ഞെടുപ്പ് ലഭിച്ചവർക്കാണ് കൃപയാലുള്ള അടുത്ത നിർദ്ദേശം ലഭിക്കുന്നത്. ഉല്പ :(6:5-8) വരെയുള്ള ഭാഗത്ത് മനുഷ്യനെ ഭൂമിയിൽ നിന്ന് നശിപ്പിച്ചുകളയും എന്ന് പറയുമ്പോഴും ദൈവം തിരഞ്ഞെടുത്ത വ്യക്തിയായിരുന്നു നോഹ: അതിനാൽ ഇന്നുവരെ ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ചെയ്യുവാനുള്ള കഴിവും, നിർദ്ദേശവും,ധൈര്യവും കൃപയാൽ ലഭിക്കുകയുംചെയ്തു. മോശയ്ക്ക് തിരഞ്ഞെടുപ്പ് ലഭിച്ചപ്പോൾ, അവന്റെ കൈവശമുള്ള ഒരു വടിമതിയായിരുന്നു കൃപയുടെ ഉറവിടമായ ദൈവത്തിന് തന്റെ ജനത്തെ മിസ്രേമ്യ അടിമത്വത്തിൽ നിന്ന് രക്ഷിക്കുവാൻ.

ദൈവകൃപയാൽ ദൗത്യം ഏറ്റവർ ആരും എതിർപ്പ് രേഖപ്പെടുത്തിയില്ല. നോഹയും ശൗലും പൂർണ്ണ മനസ്സോടെ കീഴ്പ്പെടുകയാണുണ്ടായത്. എന്നാൽ ആദ്യം ഒഴികൊഴുവു പറഞ്ഞമോശ പിന്നീടനുസരിച്ചപ്പോൾ മറിയ ഒരു സംശയം ചോദിച്ചു, ഇതെങ്ങനെ സംഭവിക്കും? അസാദ്ധ്യമായി ദൈവത്തിന് ഒന്നുമില്ലെന്ന് കേട്ട മറിയ തന്റെ വിധേയത്വം അറിയിച്ചു.

"ഒരപൂർവ്വകാര്യം എന്റെ ജീവിതത്തിലും നടക്കും" എന്ന് നമുക്ക് വിശ്വാസത്തോടെ പറയാം, നിങ്ങൾ തയാറാണോ? എങ്കിൽ കൃപ ഔദാര്യമായി ദാനം ചെയ്യുന്ന സ്വർഗ്ഗസ്ഥനോട് പ്രാർത്ഥിക്കുക, വിശ്വസിക്കുക, പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരും അത്യുന്നതന്റെ ശക്തി നിഴലിടും.

അതേ പ്രാർത്ഥനയ്ക്കുള്ള മറുപടി ലഭിച്ചിരിക്കും. എങ്ങനെ നടക്കും എന്ന് ചിന്തിക്കാതെ ദൈവത്തിന് അസാദ്ധ്യമായി ഒന്നും ഇല്ല എന്ന് വിശ്വസിച്ചേറ്റു പറയുമ്പോൾ ഉത്തരം കിട്ടാത്ത 2018 ലെ എല്ലാ വിഷയങ്ങൾക്കും 2019 ൽ ഒരു മറുപടി ളഭിക്കും, നിശ്ചയം.

"God has given us two hands,one to receive with, and the other to give with" സമ്മാനം വാങ്ങുക മാത്രമല്ല, സകല സ്തുതിയും മഹത്വവും നൽകുന്നവരാകുവാൻ ദൈവം കൃപചെയ്യട്ടെ.


Santhamma Varghese

*Website: www.biblestudy.co.in*

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind